# Management Excellence Programme
# June . 23-24 IIMK Campus, Kozhikode

## റിപ്പോർട്ട്

പരിശീലനം എന്ന് കേട്ടപ്പോൾ തന്നെ ഓർമ്മ വന്നത് മഞ്ഞുരുക്കൽ, ഗെയിമുകൾ തുടങ്ങിയ ‘ക്ലീഷേ’ ആയ കാര്യങ്ങളാണ്. പക്ഷെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി IIM ലെ പരിശീലനം വളരെ ഗൗരവമുള്ളതായിരുന്നു എന്നത് ആശയ്ക്ക് വക നൽകുന്നു. രണ്ടു ദിവസത്തെ ഈ പരിശീലനം തികച്ചും പ്രയോജനപ്പെട്ടു എന്ന് പറയണമെങ്കിൽ അവിടെ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കപ്പെടുക തന്നെ വേണം. അല്ലാത്തപക്ഷം ‘ഹെലികോപ്റ്റർ വ്യൂ’വിൽ കുറേ കണ്ടെത്തലുകൾ മാത്രം ശേഷിക്കുമെന്ന് പിന്നീട് തിരിഞ്ഞു നോക്കുമ്പോൾ തോന്നിയേക്കാം.

ഓർഗനൈസേഷൻ എക്സലൻസിനെ കുറിച്ച് പ്രൊഫ. പ്രിയ നായർ രാജീവിന്റെ ക്ലാസ്സായിരുന്നു. ആദ്യം അത് പല വേദികളിലും സൗഹൃദ കൂട്ടായ്മകളിലും നമ്മൾ ചർച്ച ചെയ്ത് വന്നിരുന്ന കാര്യങ്ങൾക്ക് ഏഴ് S കളുടെ (7– S) ചട്ടക്കൂട് ഉണ്ടെന്ന് ക്ലാസ്സിലൂടെ മനസ്സിലായി. അതു കൊണ്ട് തന്നെ ഉച്ചയ്ക്ക് ശേഷമുള്ള ഗ്രൂപ്പ് ആക്ടിവിറ്റി അനായാസേന ചെയ്ത് അവതരിപ്പിക്കുവാൻ ഞങ്ങളുടെ ടീമിന് കഴിഞ്ഞു.

രണ്ടാം ദിവസം ആരംഭിച്ചത് യോഗാ ക്ലാസ്സോടെയായിരുന്നു. ശീതീകരിക്കപ്പെട്ട മുറിയിൽ ഉറങ്ങിയെങ്കിലും ‘മടി ശീതീകരിക്കപ്പെടാതെ’ പോയ ചുരുക്കം പേരൊഴിച്ച് പങ്കെടുത്ത എല്ലാവരും മനസ്സ് നിറഞ്ഞ് ആസ്വദിച്ച ഒന്നായിരുന്നു യോഗ പരിശീലനം. ഞാനും ഏറെക്കാലമായി ആഗ്രഹിച്ച ഒന്ന്. ഭൂരിഭാഗം പേരും യോഗ ഒരു ശീലമാക്കണമെന്ന തീരുമാനത്തോടെയാണ് പിരിഞ്ഞത്. പങ്കെടുക്കാതെ പോയവർക്ക് തീർച്ചയായും വലിയൊരു നഷ്ടം തന്നെയായായിരിക്കും ഇത്.

രണ്ടാം ദിവസത്തെ ആദ്യ ക്ലാസ്സ് ‘Change of wheel concept’ നെ കുറിച്ചായിരുന്നു. ആദ്യ ദിവസത്തെ പോലെ തന്നെ പ്രസ്തുത ആശയത്തിലെ പത്ത് ഘടകങ്ങളിൽ നമ്മുടെ സംഘടനസംവിധാനവുമായി ബന്ധപ്പെട്ട് നിൽക്കുന്നവ കണ്ടെത്തി ചർച്ച ചെയ്ത് ക്രോഡീകരിക്കന്ന ചുമതലയാണ് തലേ ദിവസത്തെ അതേ ഗ്രൂപ്പുകൾക്ക് നൽകിയത്. ലക്ഷ്യം നേടാനുള്ള അല്ലെങ്കിൽ അതിലേക്ക്

നയിക്കാനുള്ള ഘടകങ്ങളെ  കുറിച്ച് വിശദമായ ചർച്ച നടത്തി ഓരോ ടീമും അവതരിപ്പിച്ചു.

അതിന് ശേഷം ആറ് പേരുടെ ഗ്രൂപ്പായി തിരിച്ച് കുടുംബശ്രീയെ പ്രതീകമാക്കി തന്നിരിക്കുന്ന 'പ്രോപ്പർട്ടി'കൾ കൊണ്ട് 6 പേർ ഉണ്ടാക്കുന്ന ടീം വർക്കാണ് നൽകിയത്. അതിൽ ഓരോ ഗ്രൂപ്പിൽ നിന്നും ഒരാളെ വീതം വിളിച്ച് ഗ്രൂപ്പിൽ സഹകരിക്കാതെ നിരീക്ഷകരായി മാത്രം നിൽക്കാനും, പിന്നീട് ഗ്രൂപ്പിൽ നടന്ന കാര്യങ്ങൾ  അവതരിപ്പിക്കാനും ആവശ്യപ്പെട്ടു. ഒരു ഗ്രൂപ്പിൽ കാര്യങ്ങൾ എങ്ങിനെ നടക്കുന്നുവെന്നും , ആര് നയിക്കുന്നു, അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ടോ, അത് പരിഹരിക്കപ്പെടുന്നുണ്ടോ, മറ്റ് ഗ്രൂപ്പിൽ നിന്നും ആശയം സ്വീകരിക്കുന്നുണ്ടോ, എന്നൊക്കെ നിരീക്ഷിക്കാനായിരുന്നു നിർദ്ദേശം.  അതനുസരിച്ച് പ്രവർത്തിച്ചെങ്കിലും സമയകുറവ് കൊണ്ട് നിരീക്ഷകർക്ക് കാര്യങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകാതിരുന്നത് കാരണം ആ ഗ്രൂപ്പ് ആക്ടിവിറ്റിയെ കൊണ്ട് എന്ത് ഉദ്ദേശിച്ചു എന്നത് പൂർണ്ണമായി പ്രാവർത്തികമാക്കാൻ ആയില്ല. ഓരോ ജില്ലയിലേയും ഡി എം സിമാരും എ ഡി എം സിമാരും ഒരുമിച്ച് പങ്കെടുത്തെങ്കിൽ  പരിശീലനം കഴിയുമ്പോഴേക്കും നല്ലൊരു ടീമായി മുന്നോട്ട് പോകാൻ കഴിഞ്ഞേനെ എന്നത് എന്റെ മാത്രം  അഭിപ്രായമാകുവാൻ വഴിയില്ല.

ഭക്ഷണ-താമസ സൗകര്യങ്ങളെ കുറിച്ച് എല്ലാവർക്കും നല്ലതേ പറയാനുണ്ടായിരുന്നുള്ളൂ. സമയക്രമവും കൃത്യമായി പാലിച്ചിട്ടുണ്ട്. എന്തായാലും രണ്ട് ദിവസത്തെ പരിശീലനത്തിൽ പഠിക്കാനും ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും ഏറെ ഉണ്ടെന്ന് നിസ്സംശയം പറയാം.

കെ ആർ അജയകുമാർ
അസി. ജില്ലാമിഷൻ കോ-ഓഡിനേറ്റർ
കുടുംബശ്രീ മിഷൻ, കണ്ണൂർ